**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.6083** — **02/04/2018 ൽ മറുപടിക്ക്**

**കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ പനമ്പ് നെയ്ത്ത്തൊഴിലാളികൾക്ക് ഡി.എ**

**ചോദ്യം**

**ശ്രീ. ജോൺ ഫെർണാണ്ടസ്**

**ഉത്തരം**

**ശ്രീ.എ.സി.മൊയ്തീൻ**

**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പ റേഷനിലെ പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഡി.എ. ഇനത്തിൽ എത്ര രൂപ കൊടുക്കാനുണ്ട്; | (എ) | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഡി.എ ഇനത്തിൽ 31/1/2018 വരെ 33 മാസത്തെ കുടിശ്ശികയായി 9 കോടി രൂപ നൽകാനുണ്ടായിരുന്നു. അതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 7 മാസത്തെ കുടിശ്ശിക 167 ലക്ഷം രൂപ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇനിയും ഡി.എ കുടിശ്ശികയായി ഏകദേശം 7.33 കോടി രൂപ തൊഴിലാളികൾക്ക് നൽകാനുണ്ട്. |
| (ബി) | ഇത് എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | (ബി) | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ്. ബാംബൂ കോർപ്പറേഷനെ വൈവിദ്ധ്യവല്ക്കരണത്തിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭത്തിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരികയാണ്. നടപ്പ് വർഷം പ്രവർത്തന മൂലധനത്തിനുള്ള വായ്പാ ധന സഹായമായി മൂന്ന് കോടി രൂപ സർക്കാർ ബാംബൂ കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2018-19 വർഷത്തെ ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാന ബാംബൂ കോർപ്പറേഷന് 10 കോടി രൂപ അനുവദിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**